**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2703** **06-10-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | ഇരിട്ടി കെ. എസ്. ഇ. ബി. സെക്ഷന് കീഴിൽ വരുന്ന ഉളിയിൽ ആവിലാട് താമസിക്കുന്ന ഷെർമിന എന്ന വ്യക്തി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയുടെ നിലവിലെ സ്ഥിതി എന്താണ് ; | (എ) | ഇരിട്ടി കെ.എസ്.ഇ.ബി. സെക്ഷന് കീഴിൽ വരുന്ന ഉളിയിൽ ആവിലാട് താമസിക്കുന്ന ഷെർമിന എന്ന വ്യക്തി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും പ്രസ്തുത വിവരം അപേക്ഷകയെ അറിയിച്ചിട്ടുള്ളതുമാണ് . |
| (ബി) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി അപേക്ഷക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിവേദനം ലഭിച്ചതെന്നും ആയതിന്മേൽ സ്വീകരിച്ച നടപടിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും അറിയിക്കുമോ ;നിവേദനം നൽകി പത്തുമാസം കഴിഞ്ഞിട്ടും കണക്ഷന്റെ കാര്യത്തിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തടസ്സമുള്ളതായി അപേക്ഷക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി ഷെർമിന ബഹു. എം എൽ എ ശ്രീ. സണ്ണി ജോസഫ് മുഖേന ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് 04-12-2024- ന് നിവേദനം നൽകിയിട്ടുള്ളതാണ്. ആയതിന്മേൽ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും അപേക്ഷകയ്ക്ക് നൽകിയിട്ടുള്ളതുമാണ്. BPL കാറ്റഗറിയിൽ സൗജന്യ കണക്ഷന് വേണ്ടിയാണ് അപേക്ഷ നൽകിയിട്ടുള്ളത്. നിലവിലെ വൈദ്യുത നിയമപ്രകാരം ബി.പി.എൽ വിഭാഗങ്ങൾക്ക് സൗജന്യമായി പരമാവധി 250 മീറ്റർ മാത്രമാണ് ഓവർ ഹെഡ് (OH) ലൈൻ വലിച്ച് കണക്ഷൻ നല്കാൻ കഴിയുന്നത്. നിലവിലെ ലൈൻ ഉള്ള സ്ഥലത്ത് നിന്നും 390 മീറ്റർ മാറിയാണ് ശ്രീമതി.ഷെർമിനയുടെ വീട് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ അപേക്ഷകയ്ക്ക് സൗജന്യമായി BPL വിഭാഗത്തിൽ കണക്ഷൻ നല്കാൻ നിർവാഹമില്ല. എന്നിരുന്നാലും പ്രത്യേക അനുമതി നൽകി വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകുന്നുണ്ട്. |
| (സി) | ഭവന നിർമ്മാണ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് ലഭിച്ച അപേക്ഷക ഉൾപ്പെടെയുള്ള 5 പേർ വീട് നിർമ്മിക്കുന്ന പ്രദേശത്ത് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി രണ്ടര ലക്ഷത്തോളം രൂപ അടക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകി | (സി) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് തടസ്സമുള്ളതായി അപേക്ഷക സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി ഷെർമിന ബഹു. |

| | | | |
|---|---|---|---|
| | വൈദ്യുതി കണക്ഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ? | | എം എൽ എ ശ്രീ. സണ്ണി ജോസഫ് മുഖേന ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് 04-12-2024- ന് നിവേദനം നൽകിയിട്ടുള്ളതാണ്. ആയതിന്മേൽ സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും അപേക്ഷകയ്ക്ക് നൽകിയിട്ടുള്ളതുമാണ്. BPL കാറ്റഗറിയിൽ സൗജന്യ കണക്ഷന് വേണ്ടിയാണ് അപേക്ഷ നൽകിയിട്ടുള്ളത്. നിലവിലെ വൈദ്യുത നിയമപ്രകാരം ബി.പി.എൽ വിഭാഗങ്ങൾക്ക് സൗജന്യമായി പരമാവധി 250 മീറ്റർ മാത്രമാണ് ഓവർ ഹെഡ് (OH) ലൈൻ വലിച്ച് കണക്ഷൻ നല്കാൻ കഴിയുന്നത്. നിലവിലെ ലൈൻ ഉള്ള സ്ഥലത്ത് നിന്നും 390 മീറ്റർ മാറിയാണ് ശ്രീമതി.ഷെർമിനയുടെ വീട് സ്ഥിതി ചെയ്യുന്നത് എന്നതിനാൽ അപേക്ഷകയ്ക്ക് സൗജന്യമായി BPL വിഭാഗത്തിൽ കണക്ഷൻ നല്കാൻ നിർവാഹമില്ല. എന്നിരുന്നാലും പ്രത്യേക അനുമതി നൽകി വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ